"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഫിഷറീസ് വകുപ്പ് - കുമാരി പ്രിയ വർഗീസിന് ഫിഷറീസ് ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.215/2024/F&P    തീയതി,തിരുവനന്തപുരം, 25-04-2024

---

പരാമർശം:-

1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 28/10/2020-ലെ സ.ഉ.(അച്ചടി) നം.15/2020/ഉഭപവ ഉത്തരവ്.
2. ഫിഷറീസ് ഡയറക്ടറുടെ 26/03/2024-ലെ DFTVM/1057/2024-A4 നമ്പർ നടപടിക്രമം.
3. കുമാരി പ്രിയ വർഗ്ഗീസ് 02/04/2024-ൽ സമർപ്പിച്ച അപേക്ഷ
4. ഫിഷറീസ് ഡയറക്ടറുടെ 08/04/2024-ലെ DFTVM/1057/2024-A4 നമ്പർ കത്ത്.

**ഉത്തരവ്**

ഫിഷറീസ് ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ച കുമാരി പ്രിയാ വർഗീസ് പി.എച്ച്.ഡി കോഴ്സ് പൂർത്തീകരിക്കുന്നതിനായി ജോലിയിൽ പ്രവേശിക്കുന്നതിനു 45 ദിവസം സാവകാശം അനുവദിക്കണമെന്ന് അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന്, പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ പ്രവേശന സമയം 45 ദിവസം ദീർഘിപ്പിച്ചു നൽകിയിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം ജോലിയിൽ പ്രവേശിക്കുന്നതിന് 45 ദിവസം കൂടി അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കുമാരി പ്രിയ വർഗീസ് അപേക്ഷ സമർപ്പിക്കുകയും ആയത് പരാമർശം (4) പ്രകാരം ഫിഷറീസ് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും ഉണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി പ്രിയാ വർഗീസിനു ജോലിയിൽ പ്രവേശിക്കുന്നതിന് 45 ദിവസം അനുവദിച്ച ഫിഷറീസ് ഡയറക്ടറുടെ പരാമർശം (2) നടപടിക്രമം റദ്ദ് ചെയ്തുകൊണ്ടും ടിയാൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് നിയമന ഉത്തരവ് തീയതിയായ 14/03/2024 മുതൽ 90 ദിവസത്തേക്ക് പ്രവേശന കാലം ദീർഘിപ്പിച്ചു നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ തിരുവനന്തപുരം.

കുമാരി പ്രിയാ വർഗീസ്, ഫിഷറീസ് ഓഫീസർ (ഫിഷറീസ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ